# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.490

## 29-05-2019 ൽ മറുപടിക്ക്

**നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

| ചോദ്യം<br>ശ്രീ. സി. ദിവാകരൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2016-17, 2017-18 എന്നീ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ അനുവദിച്ച വഴയില-പത്താംകല്ല് നാലുവരിപ്പാതയും പഴകുറ്റി-മംഗലപുരം റോഡ് നവീകരണവും കിഫ്ബി നടപടികളിലെ കാലതാമസം കാരണം ആരംഭിക്കാൻ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) ഉണ്ടെങ്കിൽ കാലതാമസം ഒഴിവാക്കി അടിയന്തരമായി പദ്ധതി ആരംഭിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | 2016-17 ലെ പുതുക്കിയ ബഡ്ജറ്റിൽ സർക്കാർ പ്രഖ്യാപിച്ച നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ' വഴയില-പഴകുറ്റി-കച്ചേരിനട- 10 -ാം കല്ല് നാലുവരി പാതയുടെ നിർമ്മാണം ' നാഷണൽ ഹൈവേയുടെ തിരുവനന്തപുരം -തെന്മല റോഡ് വികസനത്തിന്റെ ഭാഗം ആയതിനാൽ കിഫ്ബി പദ്ധതിയായി പരിഗണിക്കേണ്ടതില്ലെന്നു കിഫ്ബിയുടെ 02 / 06 / 2018 ലെ 32-ാം ബോർഡ് യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. 2017 -18 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി കിഫ്ബിയിൽ സമർപ്പിക്കപ്പെട്ട പഴകുറ്റി -മംഗലപുരം റോഡ് നവീകരണത്തിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കലിന് കിഫ് ബി ധനാനുമതി നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ റിപ്പോർട്ട് നിർദിഷ്ട കിഫ് ബി മാനദണ്ഡങ്ങൾക്ക് അനുസൃതമല്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കുന്ന പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന് പ്രാഥമിക പരിശോധന റിപ്പോർട്ട് നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ മറുപടി റിപ്പോർട്ട് പരിശോധിച്ച് വരികയും ചെയ്യുന്നു . |
| (സി) കിഫ്ബി പദ്ധതികൾ ആരംഭിക്കുന്നതിനും പൂർത്തിയാക്കുന്നതിനും സർക്കാർ കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | ബജറ്റ്/ ക്യാബിനറ്റ് യോഗങ്ങളിൽ കിഫ് ബി പദ്ധതികളായി പ്രഖ്യാപിക്കുന്ന പ്രവൃത്തികൾക്കു ബന്ധപ്പെട്ട ഭരണവകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനനുസരിച്ച് വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുകയെന്ന കർത്തവ്യം |

| | |
|---|---|
| | ചുമതലപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികൾ നിർവഹിക്കുന്ന പക്ഷം അവലോകനം / അംഗീകാരം എന്നീ നടപടികളിലേയ്ക്ക് കിഫ്ബി കടക്കുകയാണ് ചെയ്തുവരുന്നത്. കിഫ്ബി അംഗീകാരം ലഭ്യമായ പദ്ധതികളുടെ നിർവഹണം സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകൾ നടത്തിവരികയും ചെയ്യുന്നു. ടെൻഡർ നടപടിക്രമങ്ങളും കരാർ വ്യവസ്ഥകളുമെല്ലാം സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകളുടെ പരിധിയിൽ വരുന്ന കാര്യങ്ങളാണ്. ഇവയൊക്കെത്തന്നെ നിലവിലുള്ള സർക്കാർ (PWD) ചട്ടങ്ങൾക്കനുസരിച്ച് സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകൾ പാലിക്കുകയും ചെയ്തുവരുന്നു.അതിനാൽ പദ്ധതി കാലാവധി PWD ചട്ടങ്ങൾക്കനുസരിച്ച് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ തീരുമാനിച്ച് കരാറുകാരുമായുള്ള ഉടമ്പടിയുടെ ഭാഗമാക്കുന്നു. ഓരോ പദ്ധതിയുടേയും വർക്ക് ബ്രേക്ക് ഡൗൺ സ്ട്രക്ചറിന് കിഫ്ബി അംഗീകാരം നൽകുകയും അതനുസരിച്ച് പദ്ധതി ആരംഭിക്കുകയും പുരോഗതി ഇതിൻ പ്രകാരമാണെന്ന് വിലയിരുത്തുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ